2

# അബ്രഹാമിനോടുള്ള മശിഹാ ഉടമ്പടി

ഉല്പത്തി 22:18-ൽ ദൈവം അബ്രഹാമിനോടു വാഗ്ദാനം ചെയ്തതു, "നീ എന്റെ വാക്ക് കേട്ട് അനുസരിച്ചതുകൊണ്ട് നിന്റെ സന്തതി മുഖാന്തരം ഭൂമിയിലെ സകല ജാതികളും അനുഗ്രഹിക്കപ്പെടും" എന്നാണ്. ഗലാത്യർ 3:16-ൽ ഈ വാഗ്ദാനത്തെ ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനമായി പറയുന്നുണ്ട്: "എന്നാൽ അബ്രഹാമിനും അവന്റെ സന്തതിക്കും വാഗ്ദത്തങ്ങൾ ലഭിച്ചു; സന്തതികൾക്കും എന്നു അനേകരെക്കുറിച്ചല്ല, 'നിന്റെ സന്തതിക്കും' എന്നു ഏകനെക്കുറിച്ചത്രേ പറയുന്നതു; അതു ക്രിസ്തുതന്നേ."

പൗലൊസ് എബ്രായ ഭാഷയും ഗ്രീക്കു ഭാഷയും ഉപയോഗിച്ചതു ശരിയായില്ലെന്നു ചിലർ കുറ്റപ്പെടുത്തിയിട്ടുണ്ട് (ഗലാത്യർ 3:16) കാരണം വിശ്വസിക്കുന്നതു അവ രണ്ടും ബഹുവചനത്തിലല്ല ബൈബിളിൽ ഉപയോഗിച്ചിരിക്കുന്നത് എന്നാണ്. ഇതു, എങ്ങനെയായാലും വാസ്തവമല്ല. "സന്തതി" എന്നതിന്റെ എബ്രായ വാക്ക് *സീരാ* എന്നും തുല്യമായ ഗ്രീക്ക് വാക്ക്, സ്പെർമാ എന്നതു ഏക വചനത്തിലുമാണ്, എന്നാൽ കൂട്ടായ അർത്ഥത്തിലും ഉപയോഗിക്കാം. അതുകൊണ്ട് ആ വാക്കുകൾ ഒന്നുകിൽ ഏക വചനമോ അല്ലെങ്കിൽ ബഹുവചനമോ ആയി ഉപയോഗിക്കാം. മിക്ക സംഭവങ്ങളിലും, അർത്ഥം നിർണ്ണയിക്കുന്നത് സന്ദർഭം അനുസരിച്ചായിരിക്കും.

പഴയ നിയമത്തിൽ *സീരാ* എന്ന എബ്രായ വാക്ക് പലപ്പോഴും ബഹുവചനാർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നതെങ്കിലും, ചില വേദഭാഗത്ത് *സീരാ* എന്നതു ഏക വചനത്തിൽ ഉപയോഗിച്ചിരിക്കുവാനും സാധ്യതയുണ്ട്. ഉദാഹരണമായി, ഉല്പത്തി 4:25; 15:3; 21:13; 1 ശമുവേൽ 1:11 നോക്കുക.

*സിരാ* എന്നതു തർജ്ജിമ ചെയ്തിരിക്കുന്നത്, "പിൻഗാമി" അല്ലെങ്കിൽ "സന്തതി" എന്നതു ഈ വേദഭാഗങ്ങളിൽ ഏകവചനത്തിൽ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. അതുപോലെ ഗ്രീക്കു വാക്ക് *സ്പെർമാ* പലപ്പോഴും ബഹുവചന രൂപത്തിലാണ് എങ്കിലും ഏക വചനരൂപത്തിലും ഉപയോഗിച്ചിട്ടുണ്ട്. മത്തായി 22:25-ൽ "സന്തതി" (കെ.ജെ.വി; ഗ്രീക്ക്.: *സ്പെർമാ*) ഒന്നോ അല്ലെങ്കിൽ കൂടുതലൊ മക്കളെയാണ് സൂചിപ്പിക്കുന്നത് മർക്കൊസ് 12:20-22 ലും ഇതു

തന്നെയാണ്, കാരണം മർക്കൊസ് 12:19 പ്രത്യേകമായി പറയുന്നു "സന്തതി ഇല്ലാതെ" (ഏക വചനം) ആണുള്ളത്.

പഴയനിയമത്തിലും പുതിയനിയമത്തിലും "സന്തതി" എന്ന വാക്കു ഏകവചനം ആകാനാണ് സാധ്യത. അതിനർത്ഥം മിക്കവാറും അതേ അർത്ഥത്തിലാണ് അടിക്കടിയുള്ള അർത്ഥം എന്നു കരുതരുത്; ഉല്പത്തി 22:18-ൽ ദൈവം പറഞ്ഞിരിക്കുന്ന "ഒന്ന്" എന്നതിന്റെ അർത്ഥം പൗലൊസ് വ്യക്തമാക്കിയപ്പോൾ തെറ്റിയിട്ടില്ല എന്നാണ് ഞാൻ പറഞ്ഞത്. ദൈവത്തിനു മാത്രമെ അതു ഏക വചനത്തിലാണോ അതോ ബഹുവചനത്തിലാണോ പറഞ്ഞിരി ക്കുന്നതു എന്നു വ്യക്തമായി അറിയാനൊക്കു. എങ്ങനെയായാലും, പൗലൊസിനെ നയിച്ചിരുന്നതു ദൈവത്തിന്റെ ആത്മാവായിരുന്നു (1 കൊരിന്ത്യർ 7:40); അതുകൊണ്ട്, ആത്മാവിനാൽ, "സന്തതി" എന്നു ദൈവം ഉപയോഗിച്ച അർത്ഥം പൗലൊസ് അറിഞ്ഞിരുന്നു. ദൈവത്തിന്റെ വാഗ്ദാനം, അബ്രഹാമിന്റെ സന്തതിയിൽ കൂടെ ലോകത്തെ അനുഗ്രഹിക്കുക എന്നതാണ്, അല്ലാതെ എല്ലാവരിൽകൂടെ അല്ല.

ദൈവത്തിന്റെ ഏറ്റവും വലിയ നിയമത്തിൽ ഒന്നായിരുന്നു അബ്രഹാമിന്റെ സന്തതിയിൽ കൂടെ ഭൂമിയിലെ സകല കുടുംബങ്ങളെയും അനുഗ്രഹിക്കുക എന്നത്. ഇതിൽ യെഹൂദന്മാരുടെ മാത്രമല്ല, ജാതികളുടേയും പ്രത്യാശ നിലനില്ക്കുന്നു, കാരണം വാഗ്ദാനത്തിൽ ഭൂമിയിലെ സകല കുടുംബങ്ങളും ഉൾപ്പെട്ടിരിക്കുന്നു: യെഹൂദദേശം വിചാരിച്ചത് വാഗ്ദാനം അവർക്കു മാത്രം ഉള്ളത് എന്നായിരുന്നു - ഒരു ദേശമായി അവരായിരിക്കും ലോകത്തെ അനുഗ്രഹിക്കുക എന്ന ചിന്തയായിരുന്നു അവരുടേത്. ദൈവം വിചാരിച്ചത്, തന്റെ പ്രിയ പുത്രനായ, ക്രിസ്തു മുഖാന്തരം, ഭൂമിയിലുള്ള സകല കുടുംബങ്ങളെയും അനുഗ്രഹിക്കുക എന്നതായിരുന്നു. ദൈവം അബ്രഹാമിനു കൊടുത്ത വാഗ്ദാനത്തിന്മേലായിരിക്കണം ദൈവാനുഗ്രഹം എന്നാണ് നമ്മുടെ പ്രത്യാശ.

അബ്രഹാം ദൈവത്തിന്റെ വാക്ക് കേട്ടനുസരിച്ചു (ഉല്പത്തി 22:18), നാമും ദൈവത്തെ കേട്ടനുസരിച്ചാൽ അനുഗ്രഹിക്കപ്പെടും. നാം നിത്യരക്ഷയുടെ കാരണഭൂതനായ യേശുവിനെ അനുസരിക്കുമ്പോൾ നാം ദൈവത്തെ അനുസരിക്കുകയാണ് (എബ്രായർ 5:9). അതിനു നമുക്കു "അബ്രഹാമിന്റെ വിശ്വാസം" ഉണ്ടായിരിക്കണം (റോമർ 4:16).

© 2009 Truth for Today